# ലോകബാങ്കിനു വേണ്ടി ഒരു കുടിവെള്ളക്കൊള്ള



**വിജയൻ കാക്കനാട്**

എറണാകുളം: തൃക്കാക്കരയിലെ കൊച്ചിൻ സ്പെഷൽ ഇക്കണോമിക്ക് സോണിലേക്ക്(CSEZ) കടമ്പ്രയാർ നികത്തി കിണർ കുഴിച്ച് വെള്ളം കടത്തിക്കൊണ്ടുപോകാനുള്ള നീക്കം വിവാദമാകുന്നു. സാമ്രാജ്യത്വ സ്ഥാപനമായ സെസീ (CSEZ)ന് ചുവന്ന പരവതാനി വിരിക്കുന്നത് ഈ പ്രദേശത്തെ രാഷ്ട്രീയ പിന്തുണയും ഉണ്ട് എന്നതും വിരോധാഭാസമായി തുടരുന്നു.

കുടിവെള്ള ക്ഷാമം രൂക്ഷമായ ഈ പ്രദേശത്ത് കടമ്പ്രയാറിന്റെ നല്ലൊരു ഭാഗം നികത്തി കിണർ കുഴിച്ച് ഭൂഗർഭജലം കടത്തിക്കൊണ്ടുപോകുന്നത് സെസാണെന്ന് പദ്ധതിക്കെതിരെ രൂപം കൊടുത്ത കടമ്പ്രയാർ സംരക്ഷണ സമിതി കുറ്റപ്പെടുത്തുന്നു. കേന്ദ്ര വാണിജ്യ വികസന മന്ത്രാലയം വഴി ലോകബാങ്ക് സഹായത്തോടെ 33 കോടി രൂപ കൊച്ചിൻ സ്പെഷൽ ഇക്കണോമിക്ക് സോണിനു കൊടുത്തിട്ടുള്ള ഈ പദ്ധതി നമ്മുടെ ശേഷിക്കുന്ന പ്രകൃതി സമ്പത്ത് കൊള്ളയടിച്ചു പോകാൻ ഭരണാധികാരികൾ നൽകുന്ന അനുമതി പത്രമാണെന്നും ഇവർ ആരോപിക്കുന്നു.

വിദേശവ്യവസായികൾക്ക് കടന്നുവരാൻ ഡബ്ല്യു. ടി. ഒ യുടെ നിർദ്ദേശങ്ങൾ അതേപടി നടപ്പാക്കുന്നതിന്റെ ഭാഗമാണ് ഈ പദ്ധതിയും അതിനുവേണ്ടി ഉണ്ടാക്കിയ സ്ഥാപനമായ CSEZ ലക്ഷ്യമിടുന്നതും ജനങ്ങളുടെ സുരക്ഷിതത്വം സമൂഹത്തിൽ കുറഞ്ഞു വരുന്നത് ചൂഷണം ചെയ്യുക എന്നതാണ്. വിദേശരാജ്യങ്ങളിലെ കുത്തകകൾക്ക് ചുരുങ്ങിയ ചെലവിൽ ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം അവരുടെ പ്രവർത്തനങ്ങളിലും നമുക്കു കാണാം.

കടമ്പ്രയാറിന്റെ അവകാശത്തെ സംബന്ധിച്ച് അധികൃതർക്ക് വ്യക്തമായ കാഴ്ച്ചപ്പാട് ഇല്ലാത്തത് ജനങ്ങളിൽ സംശയം വർദ്ധിപ്പിക്കുന്നു. പദ്ധതിയുടെ പ്ലാനിങ്ങിനെ കുറിച്ച് കൺസൽട്ടൻസിയായ KITCOയുടെ ഓഫീസിൽ നിന്നും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് പഠനം നടത്തിയെന്ന് പറയുമ്പോൾ പഠനം നടത്തിയിട്ടില്ലെന്ന് ഇറിഗേഷൻ അധികൃതരും സമ്മതിക്കുന്നു. പഞ്ചായത്ത് അധികൃതരാകട്ടെ പാരസ്ഥിതികവും കാർഷികവുമായ ഒരു പഠനം നടത്തുകയോ പഞ്ചായത്ത് കമ്മിറ്റി വിളിച്ചുകൂട്ടി പ്രശ്നം അവതരിപ്പിക്കുകയോ ചെയ്യാതെ സ്പെഷൽ യോഗം ചേർന്നാണ് അനുമതി കൊടുത്തത് എന്നതും ദുരൂഹതയാണ്.

സ്വതവേ തന്നെ കുടിവെള്ള ക്ഷാമം ഏറെ രൂക്ഷമായ പ്രദേശമാണ് ഇവിടെ. ഉള്ളതിൽ നിന്ന് 6-7 അടി ജലനിരപ്പ് കടമ്പ്രയാറിൽ താഴാറുണ്ട്. മാത്രവുമല്ല പുഴയുടെ വീതി അതോടൊപ്പം ശോഷിക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ പുഴയിൽ നിന്ന് അമിതമായി ജലം എടുത്താൽ അത് പുഴയുടെ മരണത്തിലേക്കും വഴിതെളിക്കും.

പുഴയിൽ നിന്നും ഭൂഗർഭജലം എടുക്കുന്നില്ലെന്നാണ് അധികൃതരുടെ വാദം. എന്നാൽ പുഴയുടെ ഏകദേശം നടുഭാഗത്തായി കുഴിക്കുന്ന കിണറിന്റെ ആഴം 11 മീറ്ററും 8 മീറ്റർ വ്യാസവും 2 അടി ഘനവുമുണ്ട് എന്ന വസ്തുത പരിശോധിക്കുമ്പോൾ മനസ്സിലാകും സെസിന്റെ ഉദ്ദ്യേശ്യ ലക്ഷ്യം എന്ത് എന്ന്.

250 ഏക്കർ കൃഷിഭൂമി നികത്തി കിംഫ്രാസൈറ്റ് നിർമ്മിച്ച് വ്യവസായ മലിനീകരണം നടത്തുന്ന സ്ഥാപനം അവശിഷ്ടങ്ങൾ ഒഴുക്കുന്നുണ്ട്. കുളിയും അലക്കും നടത്തിക്കൊണ്ടിരുന്ന നാട്ടുകാർക്ക് ചൊറിച്ചിലുണ്ടാക്കാനും പുഴയിലെ മത്സ്യങ്ങൾ ചത്തു പൊങ്ങാനും ഇടയാക്കുന്നുവെന്ന് നാട്ടുകാർ ആരോപിക്കുന്നു. വിവിധ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പരിസ്ഥിതി സംഘടനകളുടെ കൂട്ടായ്മയുടെ ഫലമായി പുഴയുടെ അവസാന ശ്വാസത്തിനു വേണ്ടി കടമ്പ്രയാർ സംരക്ഷണ സമിതി ചെറുത്തുനില്പ് തുടരുകയാണ്.


## വരിക്കാർക്കുള്ള പ്രത്യേക അറിയിപ്പ്

വരിസംഖ്യ പുതുക്കാത്ത വരിക്കാർക്ക് ഈ ലക്കം മുതൽ പത്രം അയക്കുന്നില്ല. വരിസംഖ്യ കുടിശ്ശിക സഹിതം തപാലിൽ അയക്കുക. പത്രം തുടർന്നും ലഭിക്കാൻ താൽപ്പര്യമുള്ള, തുക അയക്കാൻ ബുദ്ധിമുട്ടുള്ള വരിക്കാർ വിവരം അറിയിച്ചാൽ വീട്ടി ഓഫീസിൽ വന്ന് തുക ശേഖരിക്കുന്നതാണ്. വ്യക്തമായ വിലാസവും ഫോൺനമ്പറും അറിയിക്കുക.

സർക്കുലേഷൻ മാനേജർ, കേരളീയം, പി. കെ. ജി. ബിൽഡിംഗ്,
മുസ്ലീംപള്ളിക്കു സമീപം, കൊക്കാല, തൃശ്ശൂർ-21. ഫോൺ- 0487- 421385